# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4514 — 13.11.2019-ൽ മറുപടിയ്ക്ക്.

## കറവപ്പശുക്കളെ അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കറവപ്പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് കറവപ്പശുക്കളുടെ എണ്ണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2007 ലെ 18-ാം കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്തെ കറവപ്പശുക്കളുടെ എണ്ണം 6,10,615 ആയിരുന്നു. 2012 ലെ 19-ാം കന്നുകാലി സെൻസസിൽ ഇത് 4,94,443 ആയി കുറഞ്ഞു. 2019 ലെ 20-ാം സെൻസസ് പൂർത്തിയായിട്ടുണ്ടെങ്കിലും കണക്കുകൾ അന്തിമമായിട്ടില്ല. |
| (ബി) ഉൽപാദനക്ഷമതയുള്ള കറവപ്പശുക്കളെ അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുവാൻ ക്ഷീരവികസന വകുപ്പിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ; | (ബി) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി വാങ്ങുന്ന കറവപശുക്കൾ സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങണമെന്ന നിബന്ധനയുണ്ട്. ഇതിന്റെ ഭാഗമായി 2018-19-ൽ 5960 കറവപശുക്കളെയും 1645 കിടാരികളേയും സംസ്ഥാനത്തിന് പുറത്തു നിന്നും കേരളത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. |
| (സി) കൂടുതൽ ആളുകളെ ക്ഷീരോത്പാദന മേഖലയിലേക്ക് ആകർഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (സി) ക്ഷീരകർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ക്ഷീര കർഷകരെ സഹായിക്കുന്നതിനുമായി 2019-20 വർഷത്തിൽ 108.53 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. 2019-20-ൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. തീറ്റപ്പുൽകൃഷി വികസന പദ്ധതി<br>2. കാലിത്തീറ്റ സബ്സിഡി<br>3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം<br>a) ക്ഷീരഗ്രാമം<br>b) അവശ്യാധിഷ്ഠിത സഹായം<br>c) യന്ത്രവത്കരണം<br>d) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം<br>e) ഹീഫർ പാർക്ക്<br>4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം<br>5. സമഗ്ര ഇൻഷുറൻസ് |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്കാവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പാക്കി വരുന്നുണ്ട് .
കൂടാതെ കോമ്പോസിറ്റ് ഡയറി യൂണിറ്റ്, എലിവേറ്റഡ് കാറ്റിൽ ഷെഡ്, ക്ഷീര നവോത്ഥാനം, സമഗ്ര സഹകരണ പ്രചരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വെ, ക്ഷീരസംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ്‌വെയർ എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**